**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1452** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കെട്ടിടങ്ങളുടെയും വിദ്യാർത്ഥികളുടെയും സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങളുടെയും വിദ്യാർത്ഥികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങളുടെയും വിദ്യാർത്ഥികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി സ്കൂൾ അധികൃതർക്ക് DGE/9520/2025 – QIP1 dtd 13.05.2025 സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക ഫിറ്റ്നസ് പരിശോധന പൂർത്തീകരിച്ചതിനുശേഷവും പല സ്കൂൾ കെട്ടിടങ്ങൾക്കും ഗുരുതരമായ കേടുപാടുകൾ സംഭവിച്ചതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കോട്ടയം ജില്ലയിൽ ഇളങ്ങുളം കെ.വി.എസ്.എൽ.പി സ്കൂളിൽ ഫിറ്റ്നസ് ആദ്യം ലഭിച്ചതിനുശേഷം പഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് റദ്ദാക്കുകയും നിലവിൽ വേറെ കെട്ടിടത്തിൽ താൽക്കാലിക ഫിറ്റ്നസ് ലഭ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നു. മുമ്പുണ്ടായിരുന്ന കെട്ടിടത്തിന്റെ മേൽക്കൂര മാറ്റി ജി.ഐ പൈപ്പിന്റെ മേൽക്കൂര ആക്കണമെന്ന് സുരക്ഷാ ഓഡിറ്റിൽ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് അപ്രകാരം ചെയ്യുന്നതിനു വേണ്ടിയാണ് ഫിറ്റ്നസ് റദ്ദാക്കി താൽക്കാലിക കെട്ടിടത്തിൽ താൽക്കാലിക ഫിറ്റ്നസോട്ടു കൂടി പ്രവർത്തിക്കുന്നത്. |
| (സി) | സംസ്ഥാനത്തെ വിദ്യാലയങ്ങളിലും ക്യാമ്പസുകളിലും വൈദ്യുതി വിതരണ സംവിധാനങ്ങൾ അപകടരഹിതമായും കുറ്റമറ്റ രീതിയിലും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | സ്കൂളിലേക്കുള്ള വഴി, സ്കൂൾ പരിസരം, കോമ്പൗണ്ട് എന്നിവിടങ്ങളിൽ ഉള്ള വൈദ്യുത പോസ്റ്റ്, ഇലക്ട്രിക് ലൈൻ, സ്റ്റേവയർ, സുരക്ഷാ വേലികൾ ഇല്ലാതെയുള്ള ട്രാൻസ് ഫോർമറുകൾ മുതലായവ അപകടകരമാംവിധം കാണുകയാണെങ്കിൽ ആയത് ബന്ധപ്പെട്ട കെ.എസ്.ഇ.ബി അധികൃതരെ അറിയിക്കേണ്ടതും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) | മലയോര മേഖലയിലെ വന്യമൃഗ സാന്നിധ്യമുള്ള പ്രദേശങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളെ വന്യജീവി | (ഡി) | വനം/തോട്ടം മേഖലകളിൽ കുട്ടികൾ സ്കൂളിലേക്ക് സഞ്ചരിക്കുന്ന നടവഴികളിലെ വശങ്ങളിലുള്ള |

| | | | |
|---|---|---|---|
| | ആക്രമണങ്ങളിൽ നിന്നും വിഷപ്പാമ്പുകളിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | കുറ്റിക്കാടുകൾ വെട്ടി മാറ്റുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ്, വനംവകുപ്പ് എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വന്യമൃഗങ്ങളുടെ സാന്നിധ്യം കൂടുതലുള്ള പ്രദേശങ്ങളിൽ സംരക്ഷണ വേലികൾ അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുവാനും സ്കൂളുകളിൽ ഇഴജന്തുക്കൾ കയറിയിരിക്കാൻ സാധ്യതയുള്ള ഇടങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് അവയുടെ സാന്നിധ്യമില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പൊതുവിദ്യാഭ്യാസഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ